**മിഷൻ വാത്സല്യ**

**സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി**

**(മെമ്പർ സെക്രട്ടറിയുടെ നടപടി ക്രമങ്ങൾ)**

**(ഹാജർ. ശ്രീമതി. പ്രിയങ്ക.ജി.ഐ.എ.എസ്. വനിത ശിശു വികസന വകുപ്പ് ഡയറക്ടർ)**

വിഷയം:- വനിത ശിശു വികസന വകുപ്പ്-എസ്.സി.പി.എസ് - ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകൾക്ക് 2023-2024 സാമ്പത്തിക വർഷത്തെ സെൻട്രൽ സ്പോൺസർഷിപ്പ് ആദ്യ ഗഡു തുക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം:

1. കേന്ദ്ര സർക്കാരിന്റെ 21.11.2022 ലെ CW-II-22/3/2021-CW-II (e-92843) നമ്പർ കത്ത്.
2. സ.ഉ. (സാ.ധാ) നം. 550/2022/WCDD നമ്പർ സർക്കാർ ഉത്തരവ് തീയതി :17.12.2022
3. ഈ ഓഫീസിലെ 08.02.23 ലെ DWCD/308/2023/ICPS 13 നമ്പർ ഉത്തരവ്.
4. ജില്ലാ ശിശു സംരക്ഷണ ഓഫീസർമാരുടെ അപേക്ഷകൾ.

**ഉത്തരവ് നം. DWCD/3323/2023-ICPS 13 തീയതി: 22-07-2023**

വനിത ശിശു വികസന വകുപ്പ് നടപ്പിലാക്കുന്ന മിഷൻ വാൽസല്യ പദ്ധതിയുടെ സെൻട്രൽ സ്പോൺസർഷിപ്പിനായി 2022 - 2023 സാമ്പത്തിക വർഷം 2,44,72,800/- രൂപ പരാമർശം (1) പ്രകാരം കേന്ദ്രസർക്കാർ അനുവദിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ സംസ്ഥാന വിഹിതമായി 1,63,15,200/- രൂപ കൂടി പരാമർശം (2) പ്രകാരം അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം ആകെ 4,07,88,000/-രൂപ SNA യിൽ ലഭ്യമായിരുന്നു. ഇതിൽ ആകെ 2,95,48,600/-രൂപ ചിലവഴിക്കുകയും 1,12,39,400/- രൂപ ശേഷിക്കുകയും ചെയ്യുന്നുണ്ട്.

മിഷൻ വാൽസല്യ പദ്ധതി പ്രകാരം അനുവദിച്ചിട്ടുള്ള തുക വിനിയോഗിക്കുന്നതിനുള്ള ഭരണാനുമതി പരാമർശം (3) പ്രകാരം ലഭ്യമായിട്ടുണ്ട്. 2023- 2024 സാമ്പത്തിക വർഷം സെൻട്രൽ സ്പോൺസർഷിപ്പ് പദ്ധതിക്കായി ഫണ്ട് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് പരാമർശം (4) പ്രകാരം ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ അപേക്ഷകളും അനുവദിച്ച തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രവും സമർപ്പിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാരുടെ അപേക്ഷകൾ പരിഗണിച്ച് പരാമർശം (3) പ്രകാരം സെൻട്രൽ സ്പോൺസർഷിപ്പ് പദ്ധതിക്കായി 2023-24 വർഷത്തെ ആദ്യ ഗഡുവായി ചുവടെ ചേർക്കും പ്രകാരം 87,24,000/- രൂപ **(എൺപത്തി ഏഴ് ലക്ഷത്തി ഇരുപത്തി നാലായിരം രൂപ മാത്രം)** അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | അനുവദിക്കേണ്ട ജില്ല | കുട്ടികളുടെ എണ്ണം | ആവശ്യപ്പെട്ട തുക | ആദ്യ ഗഡുവായി അനുവദിക്കേണ്ട തുക |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 51 | 20,00,000/- | 6,12,000/- |
| 2 | കൊല്ലം | 41 | 19,68,000/- | 4,92,000/- |
| 3 | പത്തനംതിട്ട | 68 | 30,80,000/- | 8,16,000/- |
| 4 | ആലപ്പുഴ | 56 | 21,04,000/- | 6,72,000/- |
| 5 | കോട്ടയം | 42 | 20,16,000/- | 5,04,000/- |

| | | | | |
|---|---|---|---|---|
| 6 | ഇടുക്കി | 41 | 19,68,000/- | 4,92,000/- |
| 7 | എറണാകുളം | 69 | 43,96,000/- | 8,28,000/- |
| 8 | തൃശ്ശൂർ | 50 | 25,31,733/- | 6,00,000/- |
| 9 | പാലക്കാട് | 45 | 20,84,000/- | 5,40,000/- |
| 10 | മലപ്പുറം | 50 | 24,00,000/- | 6,00,000/- |
| 11 | കോഴിക്കോട് | 60 | 14,00,000/- | 7,20,000/- |
| 12 | വയനാട് | 41 | 19,68,000/- | 4,92,000/- |
| 13 | കണ്ണൂർ | 40 | 17,60,000/- | 4,80,000/- |
| 14 | കാസർഗോഡ് | 73 | 22,96,000/- | 8,76,000/- |
| | | 727 | ആകെ തുക | 87,24,000/- |

പ്രസ്തുത തുക നടപ്പ് സാമ്പത്തിക വർഷത്തെ ഐ.സി.പി.എസ്. ന്റെ Scheme Code KL 242 സ്കീമിന്റെ വനിത ശിശു വികസന വകുപ്പ് ഡയറക്ടറുടെ പേരിലുള്ള SNA അക്കൗണ്ട് ആയ IDBI BANK 0889104000111737 IFSC Code: IBKL 0000889 എന്ന അക്കൗണ്ടിൽ 1.37 എന്ന കംപോണന്റിൽ നിന്നും വഹിക്കാവുന്നതാണ്. ജില്ലാ വനിത ശിശു വികസന ഓഫീസർ മുഖാന്തിരം ടി തുകകൾ അതാതു ഡി.സി.പി.ഒ. മാർക്ക് അലോട്ട്മെന്റായി അനുവദിക്കേണ്ടതാണ്.

ബന്ധപ്പെട്ട ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ ഐ.സി.പി.എസ്. മിഷൻ വാത്സല്യ പദ്ധതി പ്രകാരം സെൻട്രൽ സ്പോൺസർഷിപ്പ് പദ്ധതിക്ക് തുക അനുവദിക്കേണ്ടതും മിഷൻ വാത്സല്യ പോർട്ടലിൽ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യേണ്ടതുമാണ്. ടി തുകയുടെ കൈപ്പറ്റ് രസീത്, എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, ധനവിനിയോഗ സർട്ടിഫിക്കറ്റ് തുടങ്ങിയവ രണ്ടാം ഗഡു തുക അനുവദിക്കുന്നതിനായി ഈ കാര്യാലയത്തിലേയ്ക്ക് അയച്ചു തരേണ്ടതുമാണ്.

PRIYANKA G

**വനിത ശിശുവികസന ഡയറക്ടർ**

എല്ലാ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്കും

പകർപ്പ് :

1. സൂപ്രണ്ട്.എ.സെക്ഷൻ
2. എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്കും
3. ഐ.സി.പി.എസ് - 10
4. സ്റ്റോക്ക് ഫയൽ.

S. pby

**Signed by Priyanka G**
**Date: 22-07-2023 12:16:30**